**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 82** | **27.06.2011-ൽ മറുപടിക്ക്**

## കോൺസ്റ്റബിൾ നിയമനം

| ചോദ്യം<br>ശ്രീ. ലൂഡി ലൂയിസ് | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള മൗണ്ടഡ് പോലീസ്, ആർമർ പോലീസ് വിഭാഗങ്ങളിൽ എത്ര കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നിലവിലുണ്ട് ;<br>(ബി) 2011 ജൂൺ വരെ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ വരുമെന്ന് വ്യക്തമാക്കാമോ | (എ) & (ബി) മൗണ്ടഡ് പോലീസ് കോൺസ്റ്റബിൾമാരുടെ 9 ഒഴിവുകൾ നിലവിലുണ്ട്. ആർമർ കോൺസ്റ്റബിൾ ഒഴിവ് നിലവിലില്ല |

| | |
|---|---|
| (സി) പ്രസ്തുത തസ്തികകളുടെ യോഗ്യതകൾ എന്തെല്ലാമെന്ന് അറിയിക്കാമോ ; | (സി) <u>മൗണ്ടഡ് പി.സി.യുടെ വിദ്യാഭ്യാസ യോഗ്യത</u><br>മൗണ്ടഡ് പോലീസിന് എസ്.എസ്.എൽ.സി പാസായിരിക്കുകയും കുതിര സവാരി അറിയാം എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം.<br><u>ആർമർ പി.സി.യുടെ വിദ്യാഭ്യാസ യോഗ്യത</u><br>ആർമർ പി.സി. തസ്തികയിലേക്ക് പരിഗണിക്കപ്പെടുവാൻ എസ്.എസ്.എൽ.സി പാസായിരിക്കുകയും, അംഗീകൃത ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കുകയും വേണം. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ വിദ്യാഭ്യാസ യോഗ്യത - (എസ്.എസ്.എൽ.സി പാസായവരുടെ അഭാവത്തിൽ) എസ്.എസ്.എൽ.സി തോറ്റ ഉദ്യോഗാർത്ഥികളെയും പരിഗണിക്കാവുന്നതാണ്.<br><u>ശാരീരിക യോഗ്യത</u><br>പോലീസ് കോൺസ്റ്റബിൾമാരുടെ ശാരീരിക യോഗ്യത തന്നെയാണ് മൗണ്ടഡ് / ആർമർ കോൺസ്റ്റബിൾമാർക്കും ബാധകമായിട്ടുള്ളത്. |
| (ഡി) ഈ ഒഴിവുകൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ ; | (ഡി) ഇല്ല. ഇപ്പോൾ പി.എസ്.സി. മുഖേനയാണ് നിയമനം |
| (ഇ) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺസ്റ്റബിൾ നിയമനം നടത്തുവാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ